സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

സ്വർണ്ണവിലയിൽ ഇന്ന് നേരിയ വർധനവ്

തൃശ്ശൂർ: സംസ്ഥാനത്ത് സ്വർണ്ണവിലയിൽ ഇന്ന് നേരിയ വർധനവ് രേഖപ്പെടുത്തി. ഓൾ കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ പുറത്തുവിട്ട കണക്കുകൾ പ്രകാരം 22 കാരറ്റ് സ്വർണ്ണത്തിന് ഗ്രാമിന് 10 രൂപയും പവന് 80 രൂപയുമാണ് വർധിച്ചത്. ഇതോടെ 22 കാരറ്റ് സ്വർണം ഗ്രാമിന് വില 14,840 രൂപയായി. അതേസമയം സംസ്ഥാനത്ത് വെള്ളി വിലയിൽ ഇന്ന് മാറ്റമുണ്ടായിട്ടില്ല. ഒരു ഗ്രാമിന് 285 രൂപയും 10 ഗ്രാമിന് 2850 രൂപയുമാണ് ഇന്നത്തെ നിരക്ക്. കേരളത്തിൽ ഇതുവരെ രേഖപ്പെടുത്തിയതിൽ വെച്ച് ഏറ്റവും ഉയർന്ന സ്വർണവില 2026 ജനുവരി 29-നായിരുന്നു. 22 കാരറ്റ് സ്വർണം ഗ്രാമിന് 16,395 രൂപയും പവന് 1,31,160 രൂപയുമായിരുന്നു അന്നത്തെ വില.

www.swathanthramandapam.com വാല്യം: 60 ലക്കം: 284 2026 ഫെബ്രുവരി 25 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

'കരുതിക്കൂട്ടിയുള്ള നീക്കം'; NCERT പാഠപുസ്തകത്തിന്റെ ഉള്ളടക്കത്തിൽ

ആശങ്ക പ്രകടിപ്പിച്ച് സുപ്രീംകോടതി

ന്യൂഡൽഹി: എൻസിഇആർടിയുടെ എട്ടാംക്ലാസ് പാഠപുസ്തകത്തിന്റെ ഉള്ളടക്കത്തിൽ ആശങ്ക പ്രകടിപ്പിച്ച് സുപ്രീംകോടതി. സാമൂഹികശാസ്ത്ര പാഠപുസ്തകത്തിലെ 'ജുഡീഷ്യറിയിലെ അഴിമതി' എന്ന ഭാഗത്തിലാണ് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്ത് ആശങ്ക പ്രകടിപ്പിച്ചത്. വിഷയം കോടതി സ്വമേധയാ പരിഗണിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

'ഏതാനും ദിവസം കാത്തിരിക്കൂ. കോടതിയും അഭിഭാഷകരും അസ്വസ്ഥരാണ്. എല്ലാ ഹൈക്കോടതിയും ആശങ്കപ്രകടിപ്പിച്ചു. ഞാൻ ഇത് സ്വമേധയാ പരിഗണിക്കും. കോടതിയെ അപകീർത്തിപ്പെടുത്താൻ ആരേയും അനുവദിക്കില്ല. നിയമം അതിന്റെ വഴിക്ക് പോവും. കോടതികളുടെ തലവൻ എന്ന നിലയിൽ ഞാൻ എന്റെ കടമചെയ്യുന്നു. വിഷയം ശ്രദ്ധയിൽപ്പെട്ടു. ഇത് കരുതിക്കൂട്ടിയുള്ള നീക്കമാണെന്ന് സംശയിക്കുന്നു. കൂടുതലൊന്നും ഇപ്പോൾ പറയുന്നില്ല', എന്നായിരുന്നു ചീഫ് ജസ്റ്റിസ് അറിയിച്ചത്.

എൻസിഇആർടി എട്ടാംക്ലാസ് പാഠപുസ്തകത്തിൽ ജുഡീഷ്യറിയിലെ അഴിമതിയെന്ന പാഠഭാഗം ഉൾപ്പെടുത്തിയതായി മുതിർന്ന അഭിഭാഷകൻ കപിൽ സിബൽ ആണ് കോടതിയെ അറിയിച്ചത്. ഇത് ഗൗരവമേറിയ വിഷയമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മന്ത്രിമാരുടേയും പൊതുജനങ്ങളുടേയും അന്വേഷണ ഏജൻസികളുടേയും രാഷ്ട്രീയക്കാരുടേയും അഴിമതിയെക്കുറിച്ച് മറച്ചുവെച്ച്, ജുഡീഷ്യറിയിലെ അഴിമതിയെക്കുറിച്ച് പഠിപ്പിക്കുന്നത് ദുരുദ്ദേശപരമാണെന്നായിരുന്നു കബിൽ സിബലിന്റെ വാദം.

നേരത്തേ, സാമൂഹികശാസ്ത്ര പാഠപുസ്തകത്തിൽ കോടതികളുടെ ഘടനയും അവയുടെ ധർമങ്ങളുമാണ് പഠിപ്പിച്ചിരുന്നത്. ഇതിൽനിന്ന് വ്യത്യസ്തമായാണ് അടുത്ത കാലത്ത് ജുഡീഷ്യറിയിലെ അഴിമതിയെക്കുറിച്ച് ഒരുഭാഗം കൂട്ടിച്ചേർത്തത്.

'സമൂഹത്തിൽ ജുഡീഷ്യറിയുടെ പങ്ക്' എന്ന പാഠഭാഗത്താണ് അഴിമതിയെക്കുറിച്ചുള്ള പരാമർശം. സുപ്രീംകോടതിയിലും ഹൈക്കോടതിയിലും ജില്ലാ-കീഴ്കോടതികളിലും തീർപ്പാകാതെ കിടക്കുന്ന കേസുകളുടെ ഏകദേശ കണക്കുകൾ എന്ന പേരിൽ കേസുകളുടെ ചില സംഖ്യകളും ഈ അധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്ര- സംസ്ഥാന തലങ്ങളിൽ ജുഡീഷ്യറിയുടെ സുതാര്യതയും വിശ്വാസവും വർധിപ്പിക്കാൻ ശ്രമങ്ങൾ നടക്കുന്നുണ്ടെന്ന് പാഠഭാഗത്ത് പറയുന്നു. നീതിന്യായവ്യവസ്ഥയിലെ അഴിമതിയും ദുർന്നടപ്പും പൊതുജനങ്ങളിൽ അവിശ്വാസമുണ്ടാക്കുമെന്ന മുൻസുപ്രീംകോടതി ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായിയുടെ പ്രസ്താവനയും ഈ അധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അച്ഛനും മകനും സഞ്ചരിച്ചിരുന്ന സ്കൂട്ടർ ലോറിയുമായി കൂട്ടിയിടിച്ചു; പിതാവിന് ദാരുണാന്ത്യം

പോത്തൻകോട് (തിരുവനന്തപുരം): പോത്തൻകോട് ഞാണ്ടൂർക്കോണത്ത് അച്ഛനും മകനും സഞ്ചരിച്ചിരുന്ന സ്കൂട്ടർ ഗുഡ്സ് ലോറിയുമായി കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ അച്ഛന് ദാരുണാന്ത്യം. വട്ടിയൂർക്കാവ് സ്വദേശിയായ മാത്യു ജോൺ (50) ആണ് മരിച്ചത്. അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ മകൻ സിബിയെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ശ്രീകാര്യം ഭാഗത്തേക്ക് ഇലക്ട്രിക് സ്കൂട്ടറിൽ യാത്രചെയ്യുകയായിരുന്നു ഇരുവരും. എതിരേവന്ന ഗുഡ്സ് ലോറി ഇവർ സഞ്ചരിച്ചിരുന്ന സ്കൂട്ടറിൽ ഇടിക്കുകയായിരുന്നുവെന്നാണ് പ്രാഥമിക വിവരം.

ഗുരുതരമായി പരിക്കേറ്റ മാത്യു ജോണിനെ ഉടൻതന്നെ മെഡിക്കൽ കോളേജിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. സംഭവത്തെത്തുടർന്ന് കഴക്കൂട്ടം പോലീസ് സ്ഥലത്തെത്തി തുടർനടപടികൾ സ്വീകരിച്ചു.

അതിരപ്പിള്ളി വെള്ളച്ചാട്ടത്തിൽ വിനോദസഞ്ചാരികൾ കുടുങ്ങി

ചാലക്കുടി: അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന് താഴെ കുളിച്ചു കൊണ്ടിരിക്കുന്നതിനിടെ വിനോദസഞ്ചാരികൾ കുടുങ്ങി. ഇതര സംസ്ഥാനക്കാരായ 15 ഓളം വിനോദ യാത്രികരാണ് അപകടത്തിൽപ്പെട്ടത്. വനസംരക്ഷണ സമിതി പ്രവർത്തകരെത്തി രക്ഷപ്പെടുത്തി. അപ്രതീക്ഷിതമായി വെള്ളം കൂടിയതാണ് അപകടത്തിന് കാരണം.

തോട്ടപ്പള്ളി ഫ്ളാറ്റ് സമുച്ചയം ഉദ്ഘാടനം ചെയ്ത് മന്ത്രി; വികസനചരിത്രം മറയ്ക്കാൻ ശ്രമമെന്ന് ജി. സുധാകരൻ

ആലപ്പുഴ: തോട്ടപ്പള്ളി മണ്ണുംപുറം കോളനിയിൽ 300-ഓളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി നിർമ്മിച്ച ഫ്ളാറ്റ് സമുച്ചയത്തിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് നീരസം അറിയിച്ച് മുൻ മന്ത്രി ജി. സുധാകരൻ. ചൊവ്വാഴ്ച പങ്കുവെച്ച ഫേസ്ബുക്ക് പോസ്റ്റിലാണ് സുധാകരൻ നിലപാടറിയിച്ചത്.

പദ്ധതിയുടെ ആദ്യഘട്ട ഉദ്ഘാടനം മന്ത്രി സജി ചെറിയാൻ കഴിഞ്ഞ ദിവസം നിർവ്വഹിച്ചിരുന്നു. ചടങ്ങിൽ, ശിലാസ്ഥാപന ഫലകം നീക്കംചെയ്തത് വികസനത്തിന്റെ ചരിത്രം ബോധപൂർവ്വം മറച്ചുപിടിക്കാനുള്ള ശ്രമമാണെന്ന് ജി. സുധാകരൻ പറഞ്ഞു.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മേഴ്സിക്കുട്ടി അമ്മ മത്സ്യവകുപ്പ് മന്ത്രിയായിരുന്നപ്പോഴാണ് ഫ്ളാറ്റ് സമുച്ചയത്തിന് അനുമതി ലഭിച്ചത്. അന്ന് അമ്പലപ്പുഴ എം.എൽ.എയും മന്ത്രിയുമായിരുന്ന സുധാകരന്റെ നേതൃത്വത്തിലാണ് പദ്ധതിയ്ക്ക് തുടക്കം കുറിച്ചതും ശിലാസ്ഥാപനം നടത്തിയതും. ഉദ്ഘാടനവേളയിൽ പഴയ ശിലാസ്ഥാപന ഫലകത്തിനുപകരം പുതിയ ഫലകം സ്ഥാപിക്കുകയും ചെയ്തിരുന്നു.

വികസനത്തിന്റെ ചരിത്രം മറച്ചുവെക്കുന്ന ഇത്തരമൊരു രീതി അമ്പലപ്പുഴയിൽ അടുത്തകാലത്തായി കണ്ടുവരുന്ന പ്രവണതയാണെന്നും ജി. സുധാകരൻ വിമർശിച്ചു. പദ്ധതിയുടെ തുടക്കം മുതലുള്ള കാര്യങ്ങൾ ജനങ്ങളിൽനിന്ന് മറച്ചുവെക്കാനുള്ള നീക്കമാണിതെന്ന് അദ്ദേഹം പറഞ്ഞു. പഴയ ഫലകം കാണാനില്ലെന്ന് പറയുന്നത് ഗുരുതരമായ വീഴ്ചയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

2006 മുതൽ 2021 വരെയുള്ള കാലത്ത് തുടർച്ചയായ അമ്പലപ്പുഴയെ പ്രതിനിധീകരിച്ച നേതാവായിരുന്നു ജി. സുധാകരൻ. 2021-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ പിൻഗാമിയായ എച്ച്. സലാമിന് വേണ്ടിയുള്ള പ്രചാരണത്തിൽ വീഴ്ച വരുത്തിയെന്നാരോപിച്ച് സി.പി.എം അദ്ദേഹത്തെ പരസ്യമായി ശാസിച്ചിരുന്നു. 2024-ൽ പാർട്ടിയുടെ പ്രാദേശിക നേതൃത്വവുമായി അദ്ദേഹം അകൽച്ചയിലായതും അമ്പലപ്പുഴയിലെ പാർട്ടി യോഗങ്ങളിൽനിന്ന് അദ്ദേഹത്തെ ഒഴിവാക്കിയതും വാർത്തയായിരുന്നു.

മുഖ്യമന്ത്രിയുടെ ഓഫീസ് തേടിയത് Ksmart ലെ ഡാറ്റ; ഉള്ളത് 1 കോടിയോളം പേരുടെ വിവരങ്ങൾ

തിരു : സർക്കാർ ജീവനക്കാർക്ക് മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് ഡിഎ സന്ദേശം അയച്ചതുമായി ബന്ധപ്പെട്ട വിവാദം കോടതി കയറിയതിനിടെ കെ.സ്മാർട്ടിലെ വിവരങ്ങളും മുഖ്യമന്ത്രിയുടെ ഓഫീസ് തേടിയതിന്റെ രേഖയും പുറത്ത്. ഇന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പുറത്തുവിട്ട രേഖ പ്രകാരം കേവലം സർക്കാർ ഉദ്യോഗസ്ഥരുടെ മാത്രം വിവരങ്ങളല്ല മുഖ്യമന്ത്രിയുടെ ഓഫീസ് തേടിയിരിക്കുന്നത്. ഇതോടെ സർക്കാർ ജീവനക്കാരുടെ വിവരങ്ങൾ മാത്രമല്ല, പൊതുജനങ്ങളുടെ വിവരങ്ങളും അവരുടെ അനുമതിയില്ലാതെ ഇത്തരത്തിൽ ചോർത്തിയോ എന്ന സംശയമാണ് ബലപ്പെടുന്നത്.

സ്പാർക്കിൽനിന്ന് മാത്രമല്ല, തദ്ദേശ സ്ഥാപനങ്ങൾ വഴിയുള്ള മുഴുവൻ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്ന സർക്കാരിന്റെ ഡിജിറ്റൽ പദ്ധതിയായ കെ-സ്മാർട്ടിൽനിന്നുള്ള ഡാറ്റയും ആവശ്യപ്പെട്ടാണ് കത്തയച്ചിരിക്കുന്നത്. മുഖ്യമന്ത്രിയുടെ ഓഫീസിന്റെ ചുമതലയുള്ള ഓഫീസർ ഓൺ സ്പെഷൽ ഡ്യൂട്ടി സീറാം സാംബശിവ റാവു വിവിധ വകുപ്പുകൾക്ക് അയച്ച കത്തിലാണ് ഈ വിവരങ്ങളുള്ളത്.

തദ്ദേശ സ്ഥാപനങ്ങളിൽനിന്നുള്ള 950-ൽ അധികം സേവനങ്ങൾക്കായി പൊതുജനങ്ങൾ രജിസ്റ്റർ ചെയ്യുന്ന പ്ലാറ്റ് ഫോമാണ് കെ- സ്മാർട്ട്. ഒരു കോടിയിലേറെ വ്യക്തികളുടെ വിവരങ്ങളാണ് കെ- സ്മാർട്ടിലുള്ളതെന്നാണ് സൂചന. ആ നിലക്ക്, കരുതപ്പെട്ടിരുന്നതിനേക്കാൾ വലിയ ഡാറ്റാ ചോർച്ച നടന്നോ എന്ന സംശയമാണ് ബലപ്പെടുന്നത്

സർക്കാർ സേവനങ്ങൾക്കായി 'സെൻട്രലൈസ്ഡ് നോട്ടിഫിക്കേഷൻ ഹബ്' രൂപീകരിക്കുന്നതിന്റെ ഭാഗമായാണ് മുഖ്യമന്ത്രിയുടെ ഒഎസ്ഡി സീറം സാംബശിവ റാവു കെ-സ്മാർട്ടിൽനിന്നുള്ള വിവരം തേടിയത്. ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ ഒരു 'ഡാറ്റാ ലേക്ക്' നിർമ്മിക്കുന്നതിനായാണ് വിവരങ്ങൾ ശേഖരിക്കുന്നതെന്ന് കത്തിൽ പറയുന്നു. ഇതിന്റെ ഭാഗമായി കെ-സ്മാർട്ടിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉപഭോക്താക്കളുടെ പേര്, ഫോൺ നമ്പർ, വയസ്, ജില്ല, താലൂക്ക്, വാർഡ്, തദ്ദേശ സ്ഥാപനം തുടങ്ങിയ വ്യക്തി വിവരങ്ങൾ നൽകണമെന്നും കത്തിൽ ആവശ്യപ്പെടുന്നുണ്ട്.

ഐടി മിഷന്റെ സഹായത്തോടെ ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 2026 ഫെബ്രുവരി 12 നകം വിവരങ്ങൾ കൈമാറാനായിരുന്നു നിർദേശം. ഐടി മിഷനിലെ അസിസ്റ്റന്റ് മിഷൻ കോർഡിനേറ്ററുടെ ഇമെയിൽ വിലാസത്തിലേക്കാണ് ഈ വിവരങ്ങൾ അയക്കേണ്ടത്.

എസ്എംഎസ്, ഇമെയിൽ, വാട്സാപ്പ്, വോയിസ് എന്നിവ വഴി തത്സമയ അറിയിപ്പുകൾ നൽകുന്നതിനും 'ഗവൺമെന്റ് ഓഫ് കേരള' എന്ന പേരിൽ ഏകീകൃത സന്ദേശങ്ങൾ അയക്കുന്നതിനുമാണ് ഈ വിവരങ്ങൾ ഉപയോഗിക്കുകയെന്നാണ് ഔദ്യോഗിക വിശദീകരണം.

ഇത്തവണ ഉറച്ച സീറ്റിലേക്ക്, പൊന്നാനിയിൽ സ്വരാജിനെ പരിഗണിക്കുന്നു

മലപ്പുറം: ജില്ലയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ഏറ്റവും ശക്തിയുള്ള പൊന്നാനി മണ്ഡലത്തിൽ ഇടതുപക്ഷ സ്ഥാനാർഥിയായി സി.പി.എം. സംസ്ഥാന സെക്രട്ടേറിയറ്റംഗം എം. സ്വരാജ് വരാൻ സാധ്യത. വിജയസാധ്യത കണക്കിലെടുത്ത് സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങളെ കളത്തിലിറക്കാനാണ് സി.പി.എം. തീരുമാനം. പി.ബി. അംഗം എ. വിജയരാഘവന്റെ പേരും പറഞ്ഞുകേട്ടിരുന്നെങ്കിലും പിണറായിക്കു പുറമേ മറ്റൊരു പി.ബി. അംഗം കൂടി മത്സരിക്കാനിടയില്ല. ഉറച്ച സീറ്റെന്ന നിലയിലാണ് സ്വരാജിനെ പൊന്നാനിയിൽ പരിഗണിക്കുന്നത്.

തദ്ദേശ തിരഞ്ഞെടുപ്പിൽ ജില്ലയിലെ എല്ലാ മണ്ഡലങ്ങളിലും യു.ഡി.എഫ്. വൻ നേട്ടമുണ്ടാക്കിയപ്പോഴും പൊന്നാനി നിയോജകമണ്ഡലത്തിൽ 1274 വോട്ടുകളുടെ മേൽക്കൈ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മണ്ഡലത്തിലെ പൊന്നാനി മുനിസിപ്പാലിറ്റിയും വെളിയങ്കോട് പഞ്ചായത്തും എൽ.ഡി.എഫിന്റെ ഭരണത്തിലാണ്. പെരുമ്പടപ്പ് ആലങ്കോട്, നന്നംമുക്ക്, മാറഞ്ചേരി പഞ്ചായത്തുകൾ യു.ഡി.എഫിന്റെ പക്കലും. 2001-ൽ എം.പി. ഗംഗാധരൻ ജയിച്ചതിനുശേഷം പൊന്നാനിയിൽ യു.ഡി.എഫ്. പച്ച തൊട്ടിട്ടില്ല. സ്വരാജോ മറ്റ് മുതിർന്ന നേതാക്കളോ എത്തുന്നില്ലെങ്കിൽ നിലവിലുള്ള എം.എൽ.എ. പി. നന്ദകുമാറിന് ഒരു വട്ടംകൂടി അവസരം നൽകാൻ സാധ്യതയുണ്ട്. പഴയ തലമുറയിലെ മുതിർന്ന നേതാവായ നന്ദകുമാർ കഴിഞ്ഞ തവണ 17,043 വോട്ടിന്റെ ഭൂരിപക്ഷം നേടിയിരുന്നു.

പൊന്നാനിയിലെ പ്രമുഖ നേതാവ് ടി.എം. സിദ്ദിഖിന് നൽകാതെ പി. നന്ദകുമാറിന് സീറ്റ് നൽകിയതിന്റെ പേരിൽ കഴിഞ്ഞതവണ ഒരുവിഭാഗം പാർട്ടി അണികൾ പ്രകടനം നടത്തിയിരുന്നു. ഇതിനെത്തുടർന്ന് സിദ്ദിഖിനെ പാർട്ടി സ്ഥാനങ്ങളിൽനിന്ന് മാറ്റിനിർത്തുകയുംചെയ്തു. എന്നാൽ വളരെ വേഗം തിരിച്ചെത്തിയ സിദ്ദിഖ് ഇപ്പോൾ ജില്ലാ സെക്രട്ടേറിയറ്റംഗമാണ്. വെളിയങ്കോട് ഡിവിഷനിൽനിന്നുള്ള ബ്ലോക്ക് പഞ്ചായത്തംഗമായി മികച്ച ഭൂരിപക്ഷത്തോടെ തിരഞ്ഞെടുക്കപ്പെട്ടിരുന്നു സിദ്ദിഖ്. യു.ഡി.എഫ്. വിജയിച്ച വാർഡുകളിൽ പലയിടത്തും സിദ്ദിഖിന് ഭൂരിപക്ഷമുണ്ടായിരുന്നു. വിജയസാധ്യതയാണ് ഏക മാനദണ്ഡമെങ്കിൽ സിദ്ദിഖ് പരിഗണിക്കപ്പെട്ടേക്കാം.

സ്വരാജ് എത്തിയാൽ എന്തു വിലകൊടുത്തും അദ്ദേഹത്തെ തോൽപ്പിക്കാൻ ബി.ജെ.പി. യുടെ നീക്കമുണ്ടാകുമെന്ന് ഒരു വിഭാഗം തിരഞ്ഞെടുപ്പ് നിരീക്ഷകർ പറയുന്നുണ്ട്. ബി.ജെ.പി.ക്ക് സാമാന്യം സ്വാധീനമുണ്ട് പൊന്നാനിയിൽ. യു.ഡി.എഫിൽ കെ.പി.സി.സി. ജനറൽ സെക്രട്ടറി കെ.പി. നൗഷാദ് അലി സീറ്റുറപ്പിച്ച് പ്രചാരണത്തിൽത്തന്നെ ഒരളവോളം മുന്നേറിയിട്ടുണ്ട്. സിദ്ദിഖ് പന്താവൂർ, പി.ടി. അജയ് മോഹൻ എന്നിവരും യു.ഡി.എഫ്. പട്ടികയിലുണ്ട്.

മലമ്പുഴ മണ്ഡലം; സുരേഷിനെ മത്സരിപ്പിച്ചാൽ വോട്ടുകൾ ചോരുമെന്ന് വിലയിരുത്തൽ

പാലക്കാട്: നിയമസഭാ തിരഞ്ഞെടുപ്പിൽ മലമ്പുഴ മണ്ഡലത്തിൽ കൈപ്പത്തി ചിഹ്നത്തിൽ കോൺഗ്രസ് സ്ഥാനാർഥി മത്സരിക്കണമെന്ന് മണ്ഡലംതല അവലോകനയോഗം. മലമ്പുഴ മണ്ഡലത്തിൽ നിന്നുള്ള ഡി.സി.സി. ഭാരവാഹികൾ, മണ്ഡലം പ്രസിഡന്റുമാർ, ബ്ലോക്ക് കോൺഗ്രസ് ഭാരവാഹികൾ എന്നിവരാണ് അവലോകനയോഗത്തിൽ പങ്കെടുത്തത്. എ ഐ.സി.സി. സെക്രട്ടറി പി.വി. മോഹനന്റെ സാന്നിധ്യത്തിലായിരുന്നു യോഗം.മണ്ഡലത്തിലെ വോട്ടർപട്ടികയിൽ പേരുചേർക്കുന്നതിന്റെ പുരോഗതിയുൾപ്പെടെ വിലയിരുത്താനായിരുന്നു യോഗം.

മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ പേഴ്സണൽ അസിസ്റ്റന്റ് എ. സുരേഷ് മലമ്പുഴയിൽ യു.ഡി.എഫ്. ആവശ്യപ്പെട്ടാൽ സ്ഥാനാർഥിയാവുമെന്ന് വ്യക്തമായ സാഹചര്യത്തിലാണ് യോഗതീരുമാനം.

സുരേഷിനെ യു.ഡി.എഫ്. മത്സരിപ്പിക്കുന്നത് കോൺഗ്രസ് വോട്ടുകൾ ചോരാൻ ഇടയാക്കുമെന്നും ഇടതുപക്ഷത്തുനിന്ന് വോട്ടുലഭിക്കുമെന്ന വിലയിരുത്തൽ ശരിയല്ലെന്നും പ്രതിനിധികൾ തുറന്നടിച്ചു.

സുരേഷിനെ മത്സരിപ്പിക്കുന്നത് ഫലത്തിൽ ബി.ജെ.പി.ക്കാവും സഹായകമാവുകയെന്ന വിലയിരുത്തലുമുണ്ടായതായാണ് സൂചന. 2016, 2021 തിരഞ്ഞെടുപ്പുകളിൽ മലമ്പുഴ മണ്ഡലത്തിൽ യു. ഡി.എഫ്. മൂന്നാംസ്ഥാനത്താണ്. മണ്ഡലത്തിൽ യു.ഡി.എഫ്. സംവിധാനം ശക്തമല്ലെന്നും ഭാരവാഹികൾ എ.ഐ. സി.സിയെ അറിയിച്ചിട്ടുണ്ട്. കോൺഗ്രസ് മണ്ഡലംതല അവലോകനയോഗത്തിലാണ് തീരുമാനം.

കാറിൽനിന്ന് ഇറങ്ങിയതിനുപിന്നാലെ തർക്കം; സുധ ഫോൺ വലിച്ചെറിഞ്ഞു

കൊച്ചി: വൈറ്റിലയിൽ റെയിൽവേ ട്രാക്കിൽ യുവതി കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയ സംഭവത്തിൽ പ്രതിയുടെ തെളിവെടുപ്പ് നടന്നു. അതിക്രൂരമായ മർദനത്തിനൊടുവിലാണ് യുവതി കൊല്ലപ്പെട്ടതെന്ന് പോലീസ് വ്യക്തമാക്കുന്നു. കൊല്ലപ്പെട്ട സുധയും സുഹൃത്ത് ഷാജിയും തമ്മിലുണ്ടായ വാക്കുതർക്കത്തിനിടയാണ് കൊലപാതകം നടന്നത്. തന്റെ കുടുംബം തകർക്കുമെന്ന് സുധ ഭീഷണിപ്പെടുത്തിയതായും പ്രതി മൊഴിനൽകി.

ഷാജിയും സുധയും ഏറെനാൾ സൗഹൃദത്തിലായിരുന്നുവെന്ന് പോലീസ് പറഞ്ഞു. സംഭവസ്ഥലത്തുവെച്ച് ഇരുവരും തമ്മിലുണ്ടായ വാക്കുതർക്കത്തിനിടെയുണ്ടായ അടിപിടിയിൽ ഷാജി സുധയെ ശ്വാസംമുട്ടിച്ചുകൊന്നശേഷം ട്രാക്കിൽ തള്ളുകയായിരുന്നുവെന്നാണ് കേസ്. ഷാജി യുവതിയുടെ മുഖത്തും കണ്ണിലും പലതവണ മുഷ്ടി ചുരുട്ടി ഇടിച്ചു. ഇതിനിടെ കരിങ്കല്ലിലേക്ക് തെറിച്ചു വീണാണ് യുവതിയുടെ തലയ്ക്ക് പരിക്കേറ്റത്. ബന്ധം പുറത്തുപറഞ്ഞ് തന്റെ കുടുംബം തകർക്കുമെന്ന സുധയുടെ ഭീഷണിയടക്കം പ്രകോപന കാരണമായെന്നാണ് പ്രതിയുടെ മൊഴി.

സംഭവസ്ഥലത്തേക്ക് ഇരുവരും കാറിലാണ് എത്തിയത്. വാഹനത്തിൽനിന്ന് പുറത്തിറങ്ങി റെയിൽവേപാലത്തിനടുത്തേക്ക് നടന്നു. തുടർന്ന് ഇരുവരും വാക്കുതർക്കത്തിൽ ഏർപ്പെടുകയായിരുന്നു. ഇതിനിടെ ഷാജിയുടെ ഫോൺ സുധ എടുത്തെറിഞ്ഞു. ഇതിൽ പ്രകോപിതനായ ഷാജി സുധയുടെ മുഖത്തും കണ്ണിലും മുഷ്ടി ചുരുട്ടി ആഞ്ഞാഞ്ഞിടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ സുധ തെറിച്ചു വീണത് തൊട്ടടുത്തുള്ള കരിങ്കല്ലിലേക്കായിരുന്നു. കരിങ്കല്ലിൽ തലയിടിച്ച് ചോര വാർന്നു തുടങ്ങിയതോടെ സുധ കരയാൻ തുടങ്ങി. ഈ സമയത്ത് മറ്റുള്ളവർ കേൾക്കാതിരിക്കാൻ ഷാജി സുധയുടെ മുഖത്ത് അമർത്തിപ്പിടിക്കുകയായിരുന്നു. ഇതിനുശേഷം ആത്മഹത്യയെന്ന് വരുത്തിത്തീർക്കാനാണ് സുധയുടെ ശരീരം റെയിൽവേ പാളത്തിൽ കൊണ്ടുപോയി ഇട്ടത്. എന്നാൽ, ട്രയിൻ പോകുന്ന പാളമായിരുന്നില്ല ഇത്.

ഇതിനിടെ സുധയുടെ സഹോദരി ഷാജിയെ വിളിക്കുന്നുണ്ടായിരുന്നു. സുധ ആത്മഹത്യചെയ്യാൻ പോകുന്നുവെന്ന് പറഞ്ഞ് പോയി എന്ന് ഷാജി സഹോദരിയോട് പറഞ്ഞു.

മൃതദേഹം കണ്ടെത്തിയതിനു പിന്നാലെ പോലീസ് സിസിടിവി ദൃശ്യങ്ങൾ ശേഖരിച്ചിരുന്നു. യുവതിയും ഷാജിയും ഒന്നിച്ച് നടന്നു പോകുന്നത് ഈ ദൃശ്യങ്ങളിൽ ഉണ്ടായിരുന്നു. പിന്നീട് ഷാജി ഒറ്റയ്ക്ക് നടന്നു വരുന്നതും ദൃശ്യങ്ങളിലുണ്ട്. ഇയാളുടെ ശരീരത്തിലുള്ള രക്തക്കറയും ദൃശ്യത്തിൽ വ്യക്തമായിരുന്നു.

ചൊവ്വാഴ്ച വെളുപ്പിന് മൂന്നുമണിയോടെയാണ് യുവതിയുടെ മൃതദേഹം കണ്ടത്. ഇതുവഴി കടന്നുപോയ അമൃത എക്സ്പ്രസിലെ ലോക്കോ പൈലറ്റാണ് വൈറ്റില റെയിൽവേ മേൽപ്പാലത്തിനുസമീപം ട്രെയിൻ ഓടാത്ത പാളത്തിൽ മൃതദേഹം കണ്ടത്. ഉടൻ റെയിൽവേ അധികൃതരെ വിവരം അറിയിച്ചു. തുടർന്ന് സ്ഥലത്തെത്തിയ മരട് പോലീസ് നടത്തിയ പരിശോധനയിലാണ് മരണം സംഭവിച്ചത് ട്രെയിൻ തട്ടിയല്ലെന്ന് വ്യക്തമായത്.പിടിവലി നടന്നതിന്റെ ലക്ഷണങ്ങളും സമീപം രക്തക്കറ കണ്ടെത്തിയതും മൃതദേഹത്തിന് സമീപത്തുനിന്ന് മൊബൈൽ ഫോൺ ലഭിച്ചതും നിർണായകമായി. ഇവ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് മണിക്കൂറുകൾക്കുള്ളിൽ യുവതിയെ തിരിച്ചറിഞ്ഞ് പ്രതിയിലേക്ക് പോലീസ് എത്തിയത്.

ഇനി 40 വയസ്സുവരെ പിഎസ് സി പരീക്ഷ എഴുതാം

തൃശ്ശൂർ: പി എസ് സി പരീക്ഷകൾക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി 40 വയസാക്കി. മന്ത്രിസഭാ യോഗത്തിലാണ് തീരുമാനം. ജെബി കോശി കമ്മീഷൻ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചു. പട്ടികജാതി, പട്ടികവർഗത്തിന് 45 വയസുവരെയും ഒബിസി വിഭാഗത്തിന് 43 വയസ്സുവരെ അപേക്ഷിക്കാം. എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾക്ക് പ്രായപരിധി ജനറൽ കാറ്റഗറിയിൽ 40 വയസായി ഉയർത്തിയിരുന്നു.

ഇടതിനോട് ചേർന്നുനിന്ന ചരിത്രം തൃക്കരിപ്പൂരിൽ വി.പി.പി. മുസ്തഫയ്ക്ക് സ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ബ്രഹ്മാനന്ദൻ സ്മാരക പുരസ്കാരം ഏറ്റുവാങ്ങി ഗായിക സുജാത

കൊച്ചി: യേശുദാസിനും ജയചന്ദ്രനുമൊപ്പം മലയാളികൾ എന്നും ചേർത്ത് വയ്ക്കേണ്ട പേരാണ് കെ.പി ബ്രഹ്മാനന്ദന്റേതെന്ന് സംവിധായകൻ കമൽ. ബ്രഹ്മാനന്ദനെ മലയാള സിനിമ ലോകം വിസ്മരിച്ചെന്നും കമൽ പ്രതികരിച്ചു. യേശുദാസിനേയും ജയചന്ദ്രനേയും മലയാളികൾ ആഘോഷിക്കുമ്പോൾ ബ്രഹ്മാനന്ദൻ മാഷ് അരികുവൽക്കരിക്കപ്പെട്ടെന്നത് യാഥാർഥ്യമാണെന്നും കമൽ പറഞ്ഞു.

ബ്രഹ്മാനന്ദൻ സ്മാരക പുരസ്കാരം ഗായിക സുജാതയ്ക്ക് നൽകിയ ശേഷം പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പുതിയ തലമുറയിലെ കുട്ടികൾ പോലും ഇന്നും ഏറ്റുപാടുന്ന ശബ്ദമാണ് സുജാതയുടേതെന്നു അദ്ദേഹം പറഞ്ഞു.

മലയാളികളുടെ പ്രിയ ഗായകന്റെ എൺപതാം ജന്മദിന ആഘോഷങ്ങളുടെ ഭാഗമായിട്ടാണ് ബ്രഹ്മാനന്ദന്റെ ഗാനങ്ങൾ കോർത്തിണക്കിയ നീല നിശീഥിനിയെന്ന സംഗീത രാവും അവാർഡ് നിശയും സംഘടിപ്പിച്ചത്. ഇന്ത്യൻ ചലച്ചിത്ര സംഗീത രംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള അംഗീകാരമായി ഗായിക സുജാതയ്ക്ക് 50,000 രൂപയും ശിൽപവും അടങ്ങുന്ന പുരസ്കാരം കമൽ സമ്മാനിച്ചു. ശബരി ഗ്രൂപ്പ് ചെയർമാൻ പി. ശശികുമാർ സുജാതയെ പൊന്നാട ചാർത്തി.

ബ്രഹ്മാനന്ദനെന്ന പേര് മലയാളികളുടെ മനസിൽ തങ്കലിപികൾ കൊണ്ട് അടയാളപ്പെടുത്തിയിരിക്കുമെന്ന് അവാർഡ് സ്വീകരിച്ച് ഗായിക സുജാത മോഹൻ പറഞ്ഞു. തനിക്ക് ലഭിച്ച അവാർഡ് തുക സ്മാരകത്തിന്റെ പ്രവർത്തനങ്ങളിലേക്ക് സുജാത സംഭാവന ചെയ്തു.

ഉഷ ബ്രഹ്മാനന്ദനും രവീന്ദ്രൻ മാസ്റ്ററിന്റെ ഭാര്യ ശോഭന രവീന്ദ്രനും ചേർന്ന് ഭദ്രദീപം കൊളുത്തി പരിപാടി ഉദ്ഘാടനം ചെയ്തു. വീഡിയോ കോൺഫെറൻസിലൂടെ ഗായകൻ യേശുദാസ് അനുസ്മരണ സന്ദേശം നൽകി. എഴുത്തുകാരൻ വി. ആർ. സുധീഷ്, സംഗീതജ്ഞരായ ബിജിബാൽ, വിജയ് യേശുദാസ്, ലുലു മീഡിയ ഹെഡ് എൻ.ബി സ്വരാജ്, സിനിമാ താരങ്ങളായ രഞ്ജിനി മേനോൻ, കൂട്ടിക്കൽ ജയചന്ദ്രൻ, സ്പോർട്ട്സ് കമന്റേറ്റർ ഷൈജു ദാമോദരൻ,തിരക്കഥാകൃത്ത് റോബിൻ തിരുമല, അവതാരകൻ ഗോവിന്ദൻ കുട്ടി തുടങ്ങിയവർ ചടങ്ങിൽ പ്രസംഗിച്ചു. തുടർന്ന് ബ്രഹ്മാനന്ദന്റെ മകൻ രാകേഷ് ബ്രഹ്മാനന്ദൻ നയിച്ച നീല നിശീഥിനി എന്ന സംഗീത നിശയും അരങ്ങേറി. വിജയ് യേശുദാസ്, ഇഷാൻ ദേവ്, സയനോര, അനൂപ് ശങ്കർ, വൃന്ദ മേനോൻ, ദിവ്യഎസ്. മേനോൻ, അൽക്ക അസ്കർ, വിജേഷ് ഗോപാൽ, ഫർഹാൻ നവാസ്.തുടങ്ങിയ ഗായകർ ബ്രഹ്മനാഥന്റെ ഗാനങ്ങൾ പാടി.

കെ.പി ബ്രഹ്മാനന്ദൻ സ്മാരക പുരസ്കാരം ഗായിക സുജാതയ്ക്ക് സംവിധായകൻ കമൽ സമ്മാനിക്കുന്നു. നടി രഞ്ജിനി മേനോൻ, ലുലു മീഡിയ ഹെഡ് എൻ.ബി സ്വരാജ്, വിജയ് യേശുദാസ്, ശോഭന രവീന്ദ്രൻ, ഉഷ ബ്രഹ്മാനന്ദൻ, രാകേഷ് ബ്രഹ്മാനന്ദൻ, വി.ആർ,സുധീഷ്, പി. ശശികുമാർ, രഞ്ജിനി തുടങ്ങിയവർ സമീപം.

'നിഴൽ വ്യാപരികളിലൂടെ' മികച്ച നവാഗത സംവിധായകനുള്ള പുരസ്കാരം നേടിയ ഷാജു വാലപ്പന്

റിയാദ്:രാജസ്ഥാനൻ രാജ്യന്തര ചലച്ചിത്രമേളയിലും തിരുവനന്തപുരം സത്യജിത് റായ് ഫിലിം ഫൗണ്ടേഷൻ അവാർഡും നേടിയ റിയാദിലെ സാമൂഹ്യപ്രവർത്തകനും വ്യവസായ പ്രമുഖനുമായ ഷിഫ മലയാളി സമാജം

രക്ഷാധികാരി ഷാജു വാലപ്പന് സമാജം പ്രവർത്തകർ സ്വീകരണം നൽകി.റിയാദ് ഇന്റർനാഷണൽ എയർപോർട്ടിലായിരുന്നു സ്വീകരണം.സിനിമ നിർമ്മാണ രംഗത്തെ വിജയത്തിന് ശേഷം സംവിധാന രംഗത്തേക്ക് ഷാജു വാലപ്പൻ ചുവട് വെച്ചു.'നിഴൽ വ്യാപരികൾ' എന്ന ആദ്യ ചിത്രത്തിനാണ് മികച്ച നവാഗത സംവിധായകനുള്ള പുരസ്കാരം അദ്ദേഹം നേടിയത്.

ചടങ്ങിൽ ഫിറോസ് പോത്തൻകോട്,സന്തോഷ് തിരുവല്ല,സാബു പത്തടി,രതീഷ് നാരായണൻ,ബാബു കണ്ണോത്ത്,പ്രകാശ് ബാബു വടകര,ബിജു മടത്തറ,

അലവിക്കുട്ടി എന്നിവർ ബൊക്ക കൈമാറുകയും ആശംസകൾ നേർന്ന് സംസാരിക്കുകയും ചെയ്തു.വാലപ്പൻ എക്സിം പ്രൈവറ്റ് ലിമിറ്റഡ്

ഓപ്പറേഷൻ മാനേജർ ജിയോ ഷാജി,

പ്രൊഡക്ഷൻ സൂപ്പർവൈസർ എൻ.വി.ഗോപി,ജോയൽ ജേഴ്സൻ എന്നിവർ എയർപോർട്ടിൽ ഇവരോടൊപ്പം കൂടിചേർന്ന് കേക്ക് മുറിച്ച് മധുരം വിളമ്പി സന്തോഷം പങ്കുവെച്ചു.

ഇരിങ്ങാലക്കുട അന്താരാഷ്ട്ര ചലച്ചിത്രമേള അഞ്ചാം ദിനത്തിലേക്ക്

ഇരിങ്ങാലക്കുട : ചലച്ചിത്ര ഭാഷയുടെ ഉൾക്കാഴ്ച്ചകൾ ആസ്വാദകർക്ക് പകർന്നു കൊണ്ട് ഏഴാമത് ഇരിങ്ങാലക്കുട അന്താരാഷ്ട്ര ചലച്ചിത്രമേള അഞ്ചാം ദിനത്തിലേക്ക്.

അഞ്ചാം ദിനമായ ഇന്ന് മാസ് മൂവീസിൽ രാവിലെ 10ന് ജിയോ ബേബി സംവിധാനം ചെയ്ത 'എബ്ബ് ', ഐ ജി മിനി സംവിധാനം ചെയ്ത 'ആദിസ് നേഹത്തിന്റെ വിരുന്ന് മേശ' എന്നീ സിനിമകളും വൈകീട്ട് 6ന് റോട്ടറി ക്ലബ് ഹാളിൽ അക്കാദമി നോമിനേഷൻ ലഭിച്ച തായ് വാനീസ് ചിത്രം 'ലെഫ്റ്റ് ഹാൻഡഡ് ഗേൾ' എന്ന സിനിമയും പ്രദർശിപ്പിക്കും.

മേളയുടെ നാലാം ദിനത്തിൽ അതിജീവനത്തിന്റെ കഥ പറഞ്ഞ 'പ്രളയശേഷം ജലകന്യക' രണ്ട് കഥാപാത്രങ്ങളിലൂടെ തിരഞ്ഞെടുപ്പുകളുടെ ശരി തെറ്റുകൾ വിചാരണ ചെയ്യുന്ന 'കാത്തിരിപ്പ്' എന്നീ ചിത്രങ്ങളാണ് പ്രദർശിപ്പിച്ചത്.

പ്രദർശനങ്ങൾക്കും സംവാദങ്ങൾക്കും ശേഷം 'പ്രളയശേഷം ജലകന്യക' എന്ന സിനിമയുടെ സംവിധായകൻ മനോജ്കുമാർ, എഡിറ്റർ മെൻഡോസ് ആന്റണി എന്നിവരെ പ്രവാസി വ്യവസായിയും ചലച്ചിത്ര നിർമ്മാതാവുമായ ശ്രീധരൻ നടുവളപ്പിലും, 'കാത്തിരിപ്പ്' എന്ന സിനിമയുടെ സംവിധായകൻ നിപിൻ നാരായണൻ, നടനും നിർമ്മാതാവുമായ രഞ്ജു താടിക്കാരൻ, സഹസംവിധായകൻ അനുലാൽ സത്യവ്രതൻ എന്നിവരെ ജില്ലാ പഞ്ചായത്ത് അംഗം സി ബി ഷക്കീല ടീച്ചറും ആദരിച്ചു.

ഏഴാമത് അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ നാലാം ദിനത്തിൽ 'പ്രളയശേഷം ജലകന്യക'യുടെ സംവിധായകൻ മനോജ് കുമാർ, എഡിറ്റർ മെൻഡോസ് ആന്റണി എന്നിവരെ പ്രവാസി വ്യവസായിയും, സിനിമാ നിർമ്മാതാവുമായ ശ്രീധരൻ നടുവളപ്പിൽ ആദരിക്കുന്നു

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ഭരണ സമിതി ചുമതലയേറ്റു

കരുവന്നൂർ: പുതുതായി തെരഞ്ഞെടുക്കപ്പെട്ട കരുവന്നൂർ ബാങ്ക് ഭരണസമിതി അംഗങ്ങൾ ചുമതലയേറ്റു.വരണാധികാരിയായ മുകുന്ദപുരം സഹകരണ അസിസ്റ്റന്റ് റജിസ്ട്രാർ ഓഫീസിലെ സ്പെഷൽ സെയിൽ ഓഫീസർ വി.ആർ. ഡെന്നിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രഥമയോഗം ആർ.എൽ.ശ്രീലാലിനെ പ്രസിഡണ്ടായും,പി.കെ.വത്സലനെ വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുത്തു.തുടർന്ന് ബാങ്ക് ഹാളിൽ ചേർന്ന അനുമോദന യോഗം സി.പി.ഐ(എം) ഏരിയാ സെക്രട്ടറി വി.എ. മനോജ്കുമാർ ഉദ്ഘാടനം ചെയ്തു. എം.ബി.രാജു ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

ആർ.എൽ.ശ്രീലാൽ

പി.കെ.വത്സലൻ

സി.പി.ഐ പൊറത്തിശ്ശേരി ലോക്കൽ കമ്മിറ്റി സെക്രട്ടറി പി.ആർ.രാജൻ,സി.പി.ഐ (എം) പൊറത്തിശ്ശേരി ലോക്കൽ സെക്രട്ടറി ആർ.എൽ.ജീവൻലാൽ,കരുവന്നൂർ ലോക്കൽ സെക്രട്ടറി ടി.കെ.ജയൻ, ജെ.ജോൺസൺ, ഐ. ആർ. ബൈജു, ബാങ്ക് സി.ഇ.ഒ കെ.ആർ.രാജേഷ്, ആർ.എൽ ശ്രീലാൽ എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ വെച്ച് ബാങ്ക് സഹകാരിയും,തൊഴിലാളിയുമായ മാപ്രാണം സ്വദേശി എസ്.വി.രമേഷ് ഒരു ലക്ഷം രൂപയുടെ നിക്ഷേപം ബാങ്കിന് നൽകി.

'പൊൻപണം" കുറി സംഖ്യ നൽകിയില്ല,3,00,000 രൂപയും പലിശയും നഷ്ടം 10,000 രൂപയും നൽകുവാൻ വിധി

തൃശൂർ: കുറിപ്രകാരം അടച്ച സംഖ്യ നൽകാതിരുന്നതിനെത്തുടർന്ന് ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാരന് അനുകൂല വിധി. തൃശൂർ രാമവർമ്മപുരം സ്വദേശി നിലയാറ്റിങ്ങൽ വീട്ടിൽ ലിഡോ ഡേവിസ് ഫയൽ ചെയ്ത ഹർജിയിലാണ് പൊൻപണം ചിട്ട്സ് (തൃശൂർ) പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ്ങ് ഡയറക്ടർക്കെതിരെ ഇപ്രകാരം വിധിയായത്. ലിഡോ 10,000 രൂപ തവണ സംഖ്യ വരുന്ന കുറിയിലാണ് ചേരുകയുണ്ടായത്. 30 തവണ സംഖ്യ കൈപ്പറ്റിയതിന് ശേഷം സ്ഥാപനം കുറി നടത്തുകയുണ്ടായില്ല. അടച്ച സംഖ്യ തിരിച്ചാവശ്യപ്പെട്ടിട്ടും നൽകുകയുണ്ടായില്ല. തുടർന്ന് ഹർജി ഫയൽ ചെയ്യുകയായിരുന്നു. എതിർകക്ഷി സ്ഥാപനം കുറി നടത്താതിരുന്നതിനാലാണ് ഹർജിക്കാരന് കുറി പൂർത്തിയാക്കാനാകാതിരുന്നതെന്ന് കോടതി നിരീക്ഷിച്ചു. എതിർകക്ഷിയുടെ പ്രവൃത്തി തെറ്റാണെന്ന് വിലയിരുത്തിയ പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്., ആർ.റാംമോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി ഹർജിക്കാരന് 3,00,000 രൂപയും ആയതിന് 2023 ഫെബ്രുവരി 8 മുതൽ 9% പലിശയും നഷ്ടപരിഹാരവും ചിലവിലേക്കുമായി 10,000 രൂപയും നൽകുവാൻ കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

വയോധികയെ വീട്ടിൽ നിന്നും ഇറക്കി വിടുന്നതും പ്രതികൾ വീട്ടിൽ പ്രവേശിക്കുന്നതും വിലക്കി കോടതി ഉത്തരവ്

ചാവക്കാട്: കാൻസർ രോഗിയെ വീട്ടിൽ നിന്നും പുറത്താക്കരുതെന്നും ഉപദ്രവിക്കരുതെന്നും വയോധിക താമസിക്കുന്ന വീട്ടിൽ പ്രതികൾ പ്രവേശിക്കരുതെന്നും ബന്ധുവിനെയും പെൺ സുഹൃത്തിനെയും വിലക്കി കോടതി ഉത്തരവ്. ഒരുമനയൂർ ചുക്കശ്ശേരി വീട്ടിൽ തങ്ക കൊടുത്ത കേസിൽ ചെന്ത്രാപ്പിന്നി പള്ളിപ്പറമ്പിൽ രമേഷിനും സുഹൃത്ത് ഷീലക്കെതിരെയുമാണ് ചാവക്കാട് ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് ശാരിക സത്യൻ. വി ഉത്തരവിട്ടത്.

ഭർത്താവ് മരിച്ചതിനെ തുടർന്നും രോഗം മൂർച്ഛിച്ച് വളരെയധികം ബുദ്ധിമുട്ടനുഭവിച്ചു വന്നിരുന്ന കാലത്ത് ഹർജിക്കാരിയായ തങ്കയെ തനിക്ക് സ്വത്തുക്കൾ എഴുതിത്തരികയാണെങ്കിൽ വലിയൊരു തുക നൽകാമെന്നും കൂടാതെ മേലിൽ വരുന്ന ചികിത്സാച്ചെലവുകളും മറ്റും താൻ വഹിച്ചോളാം എന്നും, കൂടാതെ രജിസ്ട്രേഷന് ശേഷവും വഹകളിലെ വീട്ടിൽ താമസിച്ചു കൊള്ളാൻ അനുവദിക്കാം എന്നും മറ്റും പറഞ്ഞ് ഗൾഫിൽ ജോലി ചെയ്തു വന്നിരുന്ന ബന്ധു രമേഷ് അടുപ്പം സ്ഥാപിക്കുകയായിരുന്നുവത്രെ. പ്രതിയുടെ വാഗ്ദാനങ്ങൾ വിശ്വസിച്ച് വസ്തുവഹകൾ എഴുതിക്കൊടുക്കാൻ രജിസ്ട്രാഫീസിൽ ചെന്നതിൽ, രമേഷ് പറഞ്ഞ പ്രതിഫലത്തുക തരാതിരുന്നതിൽ ഒപ്പിടാൻ വിസമ്മതിച്ച തങ്കയെ രമേഷ് വിദേശത്ത് നിന്നും ഫോണിൽ വിളിച്ച് രജിസ്ട്രേഷൻ നടക്കാതിരുന്നാൽ തനിക്ക് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ചെലവാക്കിയ വലിയ തുകകളും മറ്റും നഷ്ടപ്പെടുമെന്നും പ്രതിഫലത്തുക ഉടൻ ഹർജിക്കാരിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് അയച്ച തരാമെന്നും പറഞ്ഞതായി ഹർജിയിൽ പറയുന്നു. ആയത് വിശ്വസിച്ചതിൽ ഹർജിക്കാരി മനസ്സില്ലാമനസ്സോടെ പ്രമാണത്തിൽ ഒപ്പിട്ടു കൊടുക്കുകയായിരുന്നു. എന്നാൽ ദിവസങ്ങൾ കഴിഞ്ഞും രമേഷ് യാതൊരു പ്രതിഫലത്തുകയും നൽകാഞ്ഞതിൽ വിവിധ അധികാര സ്ഥാപനങ്ങളിൽ പരാതി നൽകിയിട്ടും തങ്കക്ക് പണം ലഭിക്കാതെയിരുന്നിട്ടുള്ളതാണ്.തുടർന്ന് ഗൾഫിൽ നിന്നും നാട്ടിൽ തിരിച്ചെത്തിയ രമേഷ് പണം ആവശ്യപ്പെട്ട വൈരാഗ്യം വെച്ച് തങ്കയെ സുഹൃത്ത് ഷീലക്കും ഒപ്പം വീട്ടിൽ അതിക്രമിച്ചു കയറിവന്ന് പുറത്താക്കാൻ ശ്രമിച്ചതിലും വീട് പൊളിക്കാൻ ശ്രമിച്ചതിനെയും തുടർന്ന് അഭിഭാഷകരായ സുജിത് അയിനിപ്പുള്ളി, നന്ദന സുനിൽകുമാർ എന്നിവർ മുഖാന്തിരം ചാവക്കാട് മജിസ്ട്രേറ്റ് കോടതിയെ സമീപിക്കുകയായിരുന്നു.

കേസിൽ കോടതി പ്രതികളെ വസ്തുവഹകളിൽ കയറുന്നത് വിലക്കുകയും തങ്കക്ക് വേണ്ട സംരക്ഷണം നൽകുന്നതിനായി ചാവക്കാട് പോലീസിനും തങ്കയുടെ വസ്തുവഹകൾ രമേഷ് കൈമാറ്റം ചെയ്യുന്നത് തടയാൻ ചാവക്കാട് സബ് രജിസ്റ്റാർക്കും കോടതി നിർദ്ദേശം നൽകി. തെറ്റിദ്ധരിപ്പിച്ച് രജിസ്മാക്കിയ പ്രമാണം റദ്ദാക്കുന്നതിന് തങ്ക ചാവക്കാട് മുൻസിഫ് കോടതിയെയും സമീപിച്ചിട്ടുണ്ട്.

കേരള സീനിയർ സിറ്റിസൺ ഫോറം പുതിയ ഭാരവാഹികൾ

തൃശൂർ: കേരള സീനിയർ സിറ്റിസൺസ് ഫോറം തൃശൂർ ജില്ല കമ്മിറ്റിയുടെ വാർഷികം മേയർ ഡോക്ടർ നിജി ജസ്റ്റിൻ ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി മേയർ എ പ്രസാദ് മുഖ്യ അതിഥിയായി യോഗത്തിന് പ്രസിഡന്റ് കെ സേതു മാധവൻ അദ്ധ്യക്ഷത വഹിച്ചു. പുതിയ ഭാരവാഹികളായി കെ സേതു മാധവൻ പ്രസിഡന്റ് സി സി ജോസ് സെക്രട്ടറി പി മൊഹമ്മദ് ബാബു ട്രഷറർ. കെ ഗോവിന്ദൻ കുട്ടി മേനോൻ, ടി ആർ ബാലസുബ്രഹ്മണ്യൻ വൈസ് പ്രസിഡന്റ്മാർ, രാജ ഗോപാലൻ പി എൻ, മോഹനൻ എ എൻ, ജോയിന്റ് സെക്രട്ടറിമാർ കെ ബി ശകുന്തള ഓഡിറ്റർ.

സ്കൗട്ട്സ് & ഗൈഡ്സ് പ്രകൃതി പഠന ക്യാമ്പ് സമാപിച്ചു

ഇരിഞ്ഞാലക്കുട : കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് ഇരിഞ്ഞാലക്കുട വിദ്യാഭ്യാസ ജില്ലയുടെ ആഭിമുഖ്യത്തിൽ വാഴച്ചാൽ ഗവ. വെൽഫെയർ എൽ.പി. സ്കൂളിൽ വെച്ച് നടത്തിയ പ്രകൃതി പഠന ക്യാമ്പ് പര്യവസാനിച്ചു. മൂന്ന് ദിവസം നീണ്ടു നിന്ന ക്യാമ്പിൽ ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നും തിരഞ്ഞെടുത്ത 49 സ്കൗട്ടു-ഗൈഡുകൾ പങ്കെടുത്തു.

20ന് വൈകിട്ട് 5.30 ന് അതിരപ്പിള്ളി ഗ്രാമ പഞ്ചായത്ത് വാർഡ് മെമ്പർ രമ്യ ബിനു ക്യാമ്പ് ഉദ്ഘാടനം നിർവ്വഹിച്ചു. ജില്ലാ സെക്രട്ടറിഡൊമിനിക് പാറേക്കാട്ട് സ്വാഗതവും ജില്ലാ ട്രെയ്നിംഗ് കമ്മിഷണർ ഐഷാബി അദ്ധ്യക്ഷതയും വഹിച്ചു. ജില്ലാ ഓർഗനൈസിംഗ് കമ്മിഷണർമാരായ കെ. ഡി.ജയപ്രകാശൻ കെ. കെ ജോയ്സി എന്നിവർ ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു റോവർ കമ്മിഷണർ വി.ബി. പ്രസാദ് നന്ദി പറഞ്ഞു ഡോണൽ ഡി സിൽവ, അബ്ദുൾ ബാബു, സിസ്റ്റർ. റിൻസി, മുഹമ്മദ് റോഷാൽ, അജ്ജു എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. പ്രകൃതി പഠനത്തെ സംബന്ധിച്ച ക്ലാസ്സുകൾക്ക് പ്രമുഖ പരിസ്ഥിതി പ്രവർത്തകനായ പി.കെ. ധർമ്മരാജ്, അസി.സ്റ്റേറ്റ് ഓർഗനൈസിംഗ് കമ്മിഷണർ ജിജി ചന്ദ്രൻ എന്നിവർ നേതൃത്വം നൽകി. ഇതോടനുബന്ധിച്ച് മോണിംഗ് വാക്ക്, മരങ്ങൾ, ഔഷധ സസ്യങ്ങൾ, പക്ഷികൾ, മൃഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾ നടത്തി. രാത്രി നടന്ന ക്യാമ്പ് ഫയർ ആദിവാസി ഊരു മൂപ്പത്തി കുമാരി. ഗീത ഉദ്ഘാടനം ചെയ്തു ഇതോടനുബന്ധിച്ച് സ്കൗട്ടു- ഗൈഡ് കുട്ടികൾക്ക് ക്വിസ് മത്സരം നടത്തുകയുണ്ടായി.

റസ്റ്റോറന്റ് കത്തിനശിച്ചു

പുതുക്കാട്: കോടാലിയിൽ റസ്റ്റോറന്റ് കത്തിനശിച്ചു. കോടാലി ഐടിയു ബാങ്കിനു സമീപം പ്രവർത്തനമാരംഭിച്ച അമ്മാസ് കിച്ചൻ എന്ന റസ്റ്റോറന്റാണ് ഭാഗികമായി കത്തിയത്.

ഉത്രാളിക്കാവ് പൂരം പുലർച്ചെയുള്ള വെടിക്കെട്ട് മാറ്റിവെച്ചു

വടക്കാഞ്ചേരി: ഉത്രാളിക്കാവ് പൂരത്തോടനുബന്ധിച്ച് കുമരനെല്ലൂർ ദേശം ഇന്ന് പുലർച്ചെ നടത്താനിരുന്ന വെടിക്കെട്ട് മാറ്റിവെച്ചു.

പ്രതികൂല കാലാവസ്ഥയായതിനാൽ അനുമതിക്കു വിധേയമായി യോഗ തീരുമാനങ്ങൾക്കനുസരിച്ച് മറ്റൊരു തിയ്യതിയിൽ നടക്കും. അതെ സമയം രാവിലെ 9.30 ന് വെടിക്കെട്ട് ഉണ്ടായി.

വാഹനാപകടം: രണ്ടു പേർക്ക് പരിക്ക്

കുന്നംകുളം: ഗുരുവായൂർ തൈക്കാട് തിരുവ് സെന്ററിൽ കാർ നിയന്ത്രണം വിട്ട് ഇലക്ട്രിക് പോസ്റ്റിൽ ഇടിച്ച് രണ്ടുപേർക്ക് പരിക്ക്. മുഹമ്മദ് ഫർഷിൻ, റൗഫ് എന്നിവർക്കാണ് പരിക്കേറ്റത്.

'പിടിവിടുന്ന കൗമാരങ്ങൾ': ലഹരിക്കെതിരെ ശക്തമായ സന്ദേശവുമായി എം.ഇ.എസ് അസ്മാബി കോളേജ്

കൊടുങ്ങല്ലൂർ: എംഇഎസ് അസ്മാബി കോളേജിലെ വിദ്യാർഥികൾക്കായി 'പിടിവിടുന്ന കൗമാരങ്ങൾ' എന്ന വിഷയത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. എം.ഇ.എസ് സംസ്ഥാന വൈസ് പ്രസിഡണ്ട് എം. എം. അഷറഫ് പരിപാടി ഉദ്ഘാടനം ചെയ്തു.

റിട്ട. എക്സൈസ് ഇൻസ്പെക്ടർ കെ. എം. അബ്ദുൽ ജമാൽ വിവിധതരം ലഹരി ഉത്പന്നങ്ങൾ, അവയുടെ ഉപയോഗം, അതുമൂലം ഉണ്ടാകുന്ന ആരോഗ്യ-സാമൂഹിക പ്രത്യാഘാതങ്ങൾ എന്നിവയെക്കുറിച്ച് വിദ്യാർഥികളുമായി വിശദമായി സംവദിച്ചു. ലഹരിയുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് വ്യക്തമായ ബോധവൽക്കരണം നൽകുകയും, യുവതലമുറ ജാഗ്രതയും സാമൂഹിക ഉത്തരവാദിത്വവും പുലർത്തേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറയുകയും ചെയ്തു.

തുടർന്ന് വിദ്യാർഥികളോടൊപ്പം ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി. കോളേജ് സെക്രട്ടറിയും കറസ്പോണ്ടന്റുമായ വി. എം. ഷൈൻ അധ്യക്ഷത വഹിച്ചു. കോളേജ് സ്റ്റാഫ് സെക്രട്ടറി ബി. എം. ബിന്ദിൽ, ഷാഹിം ഷാഹുൽ എന്നിവർ ആശംസകൾ നേർന്നു. കോളേജ് പ്രിൻസിപ്പൽ ഡോ. സമീന കളത്തൊടി സ്വാഗതം ആശംസിക്കുകയും ഡോ. ബഷീർ പി. ടി നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

ബംഗാളി കുഴഞ്ഞു വീണ് മരിച്ചു

പുതുക്കാട്: വരന്തരപ്പിള്ളിയിൽ ബിൽഡിംഗ് വർക്കിന് കൂട്ടുകാരോടൊപ്പം വന്ന ബംഗാളി കുഴഞ്ഞുവീണ് മരിച്ചു. കൽക്കത്തക്കാരനായ മേഘനാഥൻ (36) ആണ് മരിച്ചത്. ഭാര്യയും രണ്ട് മക്കളും ഉണ്ട്. പോലീസ് മേൽനടപടി സ്വീകരിച്ചു.

പുസ്തക പ്രകാശനം

കുന്നംകുളം: അഡ്വ. ബാബു ചുങ്കത്തിന്റെ പുസ്തകങ്ങളുടെ പ്രകാശനം 28ന്ശനിയാഴ്ച ഉച്ചതിരിഞ്ഞ് 5 മണിക്ക് കുന്നംകുളം സി വി സ്മാരക ഹാളിൽ വച്ച് വി.കെ. ശ്രീരാമന്റെ അധ്യക്ഷതയിൽ എം എൽഎ, എ.സി. മൊയ്തീൻ നിർവ്വഹിക്കും. മുമ്പേ കടന്നു പോകുന്നവർ എന്ന പുസ്തകം റഫീക് അഹമ്മദ് പ്രകാശനം ചെയ്ത് ഫാദർ ബെഞ്ചമിൻ ഓ ഐ സി ഏറ്റുവാങ്ങും. The monk എന്ന പുസ്തകം ഡോ. ഹരികൃഷ്ണൻ പ്രകാശനം ചെയ്ത് റ്റി.ഡി രാമകൃഷ്ണൻ ഏറ്റുവാങ്ങും.

പ്രശസ്ത ചലചിത്ര പിന്നണി ഗായകൻ പട്ടം സനിത്തിനെ തിരുവനന്തപുരം പ്രസ് ക്ലബിൽ വെച്ച് നടന്ന ആൾ കേരള യൂസ്ഡ് വെഹിക്കിൾ ഡീലേഴ്സ് & മീഡിയേറ്റേഴ്സ് ട്രേഡ് യൂണിയൻ സംസ്ഥാന കൺവെൻഷനിൽ സംസ്ഥാന ചെയർമാൻ എസ്.സനൽകുമാർ പൊന്നാട അണിയിച്ച് ആദരിക്കുന്നു.

ജില്ലാ പഞ്ചായത്ത് ബജറ്റ് അവതരണം ഫെ.27 ന്

തൃശ്ശൂർ: 2026-27 വർഷത്തെ ജില്ലാ പഞ്ചായത്ത് ബജറ്റ് അവതരണം ഫെബ്രുവരി 27 ന് ഉച്ചയ്ക്ക് 12 മണിക്ക് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടക്കും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി. കെ സുധീഷ് ബജറ്റ് അവതരിപ്പിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് അധ്യക്ഷത വഹിക്കും. ബജറ്റ് അംഗീകാരം നൽകുന്നതിന് ഫെബ്രുവരി 28 രാവിലെ 11:30 ന് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് ഭരണസമിതി യോഗം ചേരുമെന്ന് സെക്രട്ടറി അറിയിച്ചു.

ഹൈദരാബാദ് ഐ ഐ ടിയിൽ നിന്നും ഫിസിക്സിൽ പിഎച്ച്ഡി നേടിയ ഡോ. **ദേവപ്രിയ എം എസ്.** പൊറത്തിശ്ശേരി മണപ്പെട്ടി ഷാജി മാസ്റ്ററുടെയും ബീന ടീച്ചറുടെയും മകളാണ്.

കോടതി പരസ്യം

ത്യശ്ശൂർ നാലാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ

GOP: 14/2026

അബ്ദുൾ നസീർ. പി കെ, 47 വയസ്സ്, S/o. കുഞ്ഞി മുഹമ്മദ് ഹാജി, കടവാന്തോട് ഹൗസ്, പി ഒ. കുരഞ്ഞിയൂർ പിൻ - 680506, എടക്കഴിയൂർ വില്ലേജ്, ചാവക്കാട് താലൂക്ക്.

-ഹർജിക്കാരൻ

ഹെസ്സ ഏദൻ. കെ എ., 15 വയസ്സ്, D/o.അബ്ദുൾ നസീർ